സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

107. [157] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഹൗസ്ബിൽഡിംഗ് അഡ്വാൻസ് ആയി നൽകി വരുന്ന പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക കൊണ്ട് വീടുപണി മുഴുപ്പിക്കുവാൻ സാദ്ധ്യമാവുകയില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) കെട്ടിട നിർമ്മാണ വസ്തുക്കളുടെയും മറ്റും വില വർദ്ധിച്ചിട്ടുള്ളതനുസരിച്ച് ലോണായി നൽകുന്ന തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) 40,000 രൂപ ഒറീജിനൽ ലോണായും അതിനുശേഷം ഒരു വർഷത്തിനകം അപേക്ഷിക്കുന്നവർക്ക് 7,500 രൂപ അഡീഷണൽ ലോണായും നൽകി വരുന്നു.

(ബി) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോഴും പരിഗണനയിലില്ല.

വികലാംഗരായ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ഹൗസ് ബിൽഡിംഗ് അപേക്ഷകൾ

108. [158] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 മാർച്ച് 15-ന് വരെ എത്ര വികലാംഗരായ ഉദ്യോഗസ്ഥൻമാർ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് അപേക്ഷിച്ചിട്ടുണ്ട് ;

(ബി) ഇവരിൽ സെക്രട്ടേറിയറ്റിൽ ഉള്ളവരെത്ര; മറ്റു വകുപ്പുകളിൽ ഉള്ളവരെത്ര;

(സി) ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് അപേക്ഷിച്ചിട്ടുള്ള എല്ലാ വികലാംഗരായ ഉദ്യോഗസ്ഥൻമാർക്കും അത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെയുള്ള പ്രസ്തുത അപേക്ഷകരുടെ എണ്ണം ശേഖരിച്ചു വരികയാണ്.

(ബി) സെക്രട്ടേറിയറ്റിൽ 5 അപേക്ഷകരാണുള്ളത്. മറ്റ് വകുപ്പുകളിലേത് ശേഖരിച്ചു കഴിഞ്ഞിട്ടില്ല.

(സി) അപേക്ഷ നൽകിയിട്ടുള്ള എല്ലാ വികലാംഗരായ ഉദ്യോഗസ്ഥൻമാർക്കും വായ്പ അനുവദിക്കുവാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം സാധിക്കുന്നില്ല. എന്നാൽ 1982 മാർച്ച് 31 വരെ മാത്രം അപേക്ഷിച്ച വികലാംഗരല്ലാത്ത ഉദ്യോഗസ്ഥൻമാർക്ക് ഈ വർഷം വായ്പ അനുവദിച്ചപ്പോൾ, 1983 മാർച്ച് 31 വരെ അപേക്ഷിച്ച വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് വായ്പ നൽകി. ഈ പ്രത്യേക പരിഗണന തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly